# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


**വാർത്താക്കുറിപ്പ്**

**2025 ജൂൺ 30**

---

## പുതിയ പദ്ധതികൾ എം.ജി സർവകലാശാലയുടെ കായിക മുന്നേറ്റത്തിന് കരുത്തേകും-മന്ത്രി വി.എൻ. വാസവൻ

കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഈ രംഗത്തെ മുന്നേറ്റത്തിന് കരുത്തു പകരുമെന്ന് സഹകരണ, ദേവസ്വം, തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. 2023-24 വർഷത്തിൽ കായിക മേഖലയിൽ മികവു പുലർത്തിയ കോളജുകളെയും താരങ്ങളെയും അനുമോദിക്കുന്ന ചടങ്ങ് സർവകലാശാലയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആദ്യ വർഷങ്ങൾ മുതൽ കായിക രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്. നൂതനമായ പരിശീലന സൗകര്യങ്ങൾ വരുമ്പോൾ വലിയ മാറ്റങ്ങളുണ്ടാകും-അദ്ദേഹം ചൂണ്ടിക്കാട്ടി.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ രാജ്യാന്തര കായിക താരങ്ങളായ ഷൈനി വിത്സനും വിത്സൻ ചെറിയാനും വിശിഷ്ടാതിഥികളായിരുന്നു.

സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ മുഖ്യ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റ് അംഗങ്ങളായ പി. ഹരികൃഷ്ണൻ, ഡോ. ബിജു തോമസ്, എ.എസ്. സുമേഷ്, ഡോ. ടി.വി. സുജ, സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസ്, ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡൻറ് ജോസ് സേവ്യർ, കെ.കെ. സ്വാതി എന്നിവർ പങ്കെടുത്തു.

*ഫോട്ടോ ക്യാപ്ഷൻ..*

കായിക മേഖലയിൽ 2023-24 വർഷം മികവു പുലർത്തിയ കോളജുകളെയും താരങ്ങളെയും അനുമോദിക്കുന്ന ചടങ്ങ് മഹാത്മാ ഗാന്ധി സർവകലാശാലയിൽ മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യുന്നു. പി. ഹരികൃഷ്ണൻ, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, ഡോ. ടി.വി. സുജ, വൈസ് ചാൻസലർ ഡോ. സി.ടി.അരവിന്ദകുമാർ, ഡോ.സി.എം. ശ്രീജിത്ത്, ഡോ.എ.എസ്. സുമേഷ്, ഡോ. ബിജു തോമസ്, ഷൈനി വിത്സൻ, ഡോ. ബിനു ജോർജ് വർഗീസ്, വിത്സൺ ചെറിയാൻ, അഡ്വ. റെജി സക്കറിയ എന്നിവർ സമീപം.

(പി.ആർ.ഒ/39/1759/2025)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (2022 അഡ്മിഷൻ റഗുലർ, 2016 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 14 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1760/2025)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബിവോക് ഫാഷൻ ഡിസൈൻ ആന്റ് മാനേജ്മെന്റ്, ബിവോക് ഫാഷൻ ടെക്നോളജി, ബിവോക് ഫാഷൻ ടെക്നോളജി ആന്റ് മർച്ചൻഡൈസിംഗ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ- 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്-പുതിയ സ്കീം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ ഏഴു മുതൽ കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.

.......................

രണ്ടാം സെമസ്റ്റർ ബിഎ ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, ബിഎ വിഷ്വൽ ആർട്സ്, ബിഎ ആനിമേഷൻ ആന്റ് വിഷ്വൽ ഇഫക്ട്സ് (സിബിസിഎസ് പുതിയ സ്കീം-2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 14 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1761/2025)

## വൈവ വോസി

പത്താം സെമസ്റ്റർ എംഎ ഇംഗ്ലീഷ് (പുതിയ സ്കീം- 2020 അഡ്മിഷൻ റഗുലർ ഏപ്രിൽ 2025) പരീക്ഷയുടെ കോംപ്രിഹെൻസീവ് വൈവ വോസി, പ്രൊജക്റ്റ് (മേജർ) ഓൺ ജോബ് ട്രെയിനിംഗ് പരീക്ഷകൾ ജൂലൈ ഏഴു മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1762/2025)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്പ്ളൈഡ് ഫിസിക്സിൽ എംഎസ്സി ഫിസിക്സ് പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിൽ (എസ്.സി-2 എസ്.ടി-1) ജൂലൈ നാലിന് സ്പോട്ട് അഡ്മിഷൻ നടക്കും. വിദ്യാർഥികൾ രാവിലെ 11 മണിക്ക് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ-914812731043, ഇമെയിൽ- spap@mgu.ac.in

(പി.ആർ.ഒ/39/1763/2025)

**പബ്ലിക് റിലേഷൻസ് ഓഫീസർ**